**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1266** **07-10-2021 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ ടൂറിസം സർക്യൂട്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri P. A. Mohamed Riyas (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര നിയോജക മണ്ഡലത്തിൽ ടൂറിസം സർക്യൂട്ട് പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടുന്ന ഘടകങ്ങൾ പരിശോധിച്ചുവരികയാണ്. ഇതോടനുബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് അധികൃതരുമായി സ്ഥല ലഭ്യത അടക്കമുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ഒരു യോഗം വിളിച്ചു ചേർക്കേണ്ടതുണ്ട്. |
| (ബി) | വള്ളികുന്നംചിറ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) | വള്ളികുന്നം ഗ്രാമ പഞ്ചായത്തിലെ വള്ളികുന്നംചിറയിൽ വിനോദ സഞ്ചാര പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പദ്ധതിരൂപരേഖ (DPR) തയ്യാറാക്കുന്നതിന് വിനോദ സഞ്ചാര വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥർ , വകുപ്പിന്റെ എംപാനൽഡ് ആർക്കിടെക്ട് എന്നിവർ ബഹു . എം.എൽ.എ, മറ്റു ജനപ്രതിനിധികൾ എന്നിവരുടെ കൂടി സാന്നിധ്യത്തിൽ പദ്ധതി സ്ഥലം സന്ദർശിച്ചിരുന്നു. പദ്ധതി നടപ്പാക്കേണ്ട ഭൂമിയുടെ അതിരുകൾ നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ പദ്ധതിയുടെ ഡിസൈൻ തയ്യാറാക്കാൻ കഴിയാത്ത സാഹചര്യമാണ് ഉള്ളത് . കൂടാതെ ചിറ ഉൾപ്പെട്ട ഭൂമിയുടെ വിനിയോഗാവകാശം വിനോദ സഞ്ചാര വകുപ്പിന് ലഭിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതി സ്ഥലത്തിന്റെ സർവ്വേ നടത്തി അതിരുകൾ നിർണ്ണയിച്ച് സ്കെച്ച് , ഭൂമിയുടെ വിനിയോഗ അനുമതി എന്നിവ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് വള്ളികുന്നം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക്, വിനോദ സഞ്ചാര വകുപ്പ് കത്ത് നൽകിയിട്ടുണ്ട്. |
| (സി) | താമരക്കുളം വയ്യാങ്കരചിറ ടൂറിസം പദ്ധതി സഞ്ചാരികൾക്ക് തുറന്നുകൊടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; പ്രസ്തുത ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | താമരക്കുളം വയ്യാങ്കരച്ചിറ ടൂറിസം പദ്ധതിയ്ക്ക് കെട്ടിട നമ്പറും വൈദ്യുതകണക്ഷനും ലഭിച്ചിട്ടുണ്ട്. പദ്ധതി തുടർനടത്തിപ്പിനായി ആലപ്പുഴ ഡി.ടി.പി.സി-യ്ക്ക് കൈമാറുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഡി.ടി.പി.സി-യ്ക്ക് കൈമാറി സഞ്ചാരികൾക്കായി തുറന്നു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വയ്യാങ്കരച്ചിറ ടൂറിസം |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ ഒന്നാം ഘട്ടം സഞ്ചാരികൾക്കായി തുറന്നു കൊടുത്തതിനുശേഷം പദ്ധതി വിപുലീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ